(സി) ഈ പദ്ധതി ജലസമ്പന്നമായതോടുകൂടി അതിന്റെ അറ്റകുറ്റപ്പണി ചെയ്യേണ്ടതായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ അറ്റകുറ്റപ്പണിക്കാവശ്യമായ തുക ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മീങ്കര പദ്ധതിയും ചുള്ളിയാർ പദ്ധതിയും ഗായത്രി പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളാണ്. ഇപ്പോൾ മീങ്കര പദ്ധതിയുടെ പേരിൽ മാത്രമേ ഫണ്ട് അനുവദിക്കാറുള്ളൂ. പ്രസ്തുത ഫണ്ട് ഉപയോഗിച്ചാണ് ചുള്ളിയാർ പദ്ധതിയുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നത്.

(സി) ഈ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ മീങ്കര പദ്ധതിയുടെ പേരിലനുവദിക്കുന്ന ഫണ്ടിൽ നിന്നും നടത്തിവരുന്നുണ്ട്. ആയതിനാൽ ഈ പദ്ധതിക്കായി പ്രത്യേകം തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട ആവശ്യം വരുന്നില്ല.

സംസ്ഥാനത്തെ ജലസ്രോതസ്സുകളുടേയും നദികളുടേയും സംരക്ഷണത്തിനായുള്ള പദ്ധതികൾ

73(1349) ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീ. ടി. കെ. ദേവകുമാർ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെയും നദികളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾക്കുള്ള കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന സർക്കാർ സമർപ്പിച്ച ഏതെല്ലാം പദ്ധതികളാണ് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയ നദി സംരക്ഷണം, കായൽ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അലോട്ട്മെന്റ് സംസ്ഥാനത്തിന് പൂർണ്ണമായും നേടാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾ യഥാസമയം സമർപ്പിക്കുവാൻ കഴിഞ്ഞോ എന്ന് വെളിപ്പെടുത്തുമോ; കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്ന ഏതെല്ലാം ജല/നദീ പദ്ധതികളുടെ വിശദാംശങ്ങളാണ് ഇനിയും സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ബി) സംസ്ഥാനത്തെ നദികളുടെ പാർശ്വസംരക്ഷണത്തിനായി 23 സ്കീമുകൾ ഉൾപ്പെട്ട 47.33 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി 'Critical anti erosion works for States other than Ganga Basin States' എന്ന കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തുവാനായി സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതികളൊന്നും തന്നെ പത്താം പഞ്ചവത്സര പദ്ധതിയിൽ പരിഗണിക്കുന്നില്ല എന്ന് കേന്ദ്ര ഗവൺമെന്റ് അറിയിക്കുകയുണ്ടായി.

പമ്പാ നദി മാലിന്യവിമുക്തമാക്കുന്നതിനായി 319.70 കോടി രൂപ അടങ്കൽ തുകയുള്ള മൂന്ന് ഘട്ടങ്ങളായി നടപ്പിലാക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള പമ്പാ ആക്ഷൻ പ്ലാൻ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിൽ ഒന്നാം ഘട്ടത്തിലെ 18.45 കോടി രൂപ അടങ്കൽ തുകയുള്ള 12 പണികൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

തിരുവനന്തപുരം ജില്ലയിലെ വേളി-ആക്കുളം തടാകത്തിന്റെ പാരിസ്ഥിതിക പുനരുദ്ധാരണത്തിന് വേണ്ടിയുള്ള 24.56 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ദേശീയ തടാക സംരക്ഷണ പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഗഡുവായി 4,29,80,000 രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) ദേശീയ നദീസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയ പമ്പാ ആക്ഷൻ പ്ലാനിലെ ഒന്നാം ഘട്ടത്തിലെ 18.45 കോടി രൂപ അടങ്കൽ തുകയുള്ള 12 പണികൾക്ക് അനുമതി ലഭിച്ചിരുന്നു. ഇതിന്റെ ആദ്യഗഡുവായി 75 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ വനഭൂമി വിട്ടുകിട്ടുന്നതിന് ഉണ്ടായ താമസംമൂലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് താമസം നേരിട്ടു. ആയതിനാൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുവാൻ സാധിച്ചിരുന്നില്ല. ഈ തുക ചെലവഴിച്ചെങ്കിൽ മാത്രമേ കേന്ദ്ര സർക്കാരിൽ നിന്നും ബാക്കിയുള്ള ഗഡുക്കൾ ലഭിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വനഭൂമി ലഭ്യമായിട്ടുണ്ട്. അതിനാൽ ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണം കാലവിളംബം കൂടാതെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾ നടപ്പിലാക്കുന്നതിന് ജെ.ബി.ഐ.സി. വായ്പ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം ഒരു പദ്ധതിറിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് ദേശീയ നദീ സരംക്ഷണ ഡയറക്ടറേറ്റ്, ജെ.ബി.ഐ.സി. എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് മാറ്റങ്ങൾ വരുത്തി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly